## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3167** **24-02-2016-ൽ മറുപടിയ്ക്ക്**

### കാരുണ്യ ബെനവലന്റ് ഫണ്ട്

| | ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ചികിത്സയ്ക്ക് ചെലവായ തുക കാരുണ്യബനവലന്റ് ഫണ്ടിൽ നിന്നുള്ള സഹായത്തിനായി അപേക്ഷിച്ചവരിൽ ഏതുമാസം വരെയുള്ള രോഗികൾക്കാണ് റീഫണ്ട് നൽകിയത്; വിശദാംശം നൽകുമോ; | (എ) | അപേക്ഷ സമർപ്പിച്ചവരിൽ മതിയായ ബില്ലുകളും രേഖകളും സമർപ്പിച്ചിട്ടുള്ള രോഗികളിൽ 2015 ജൂലായ് മാസം വരെയുള്ള അപേക്ഷകർക്ക് റീഫണ്ട് നൽകിയിട്ടുണ്ട്. |
| (ബി) | മംഗലാപുരം ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യബനവലന്റ് ഫണ്ടിൽനിന്ന് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലേക്ക് ധനസഹായം നൽകുന്നതാണ്. മംഗലാപുരം/ കോയമ്പത്തൂർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്കുകൂടി കാരുണ്യ ബെനവലന്റ് സ്കീമിൽ ആനുകൂല്യം അനുവദിക്കുന്നതാണ്. |
| (സി) | പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യബനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപ ഇതുവരെ ചികിത്സയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്; എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്; | (സി) | പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യബനവലന്റ് ഫണ്ടിൽ നിന്നും 31.01.2016 വരെ 92,28,14,399/- (തൊണ്ണൂറ്റി രണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റൊൻപത്) രൂപ അനുവദിച്ചിട്ടുണ്ട്. 16.02.2016 വരെ ലഭിച്ചിട്ടുള്ള |

| | | | |
|---|---|---|---|
| | | | 5039 അപേക്ഷകർക്ക് 55,57,61,286/- (അൻപത്തഞ്ച് കോടി അൻപത്തിയേഴ് ലക്ഷത്തി അറുപത്തോരായിരത്തി ഇരുന്നൂറ്റി എൺപത്താറ്) രൂപ കുടിശ്ശികയായി നൽകാനുണ്ട്. |
| (ഡി) | കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | കുടിശ്ശിക എത്രയും വേഗം തീർക്കുന്നതിനായി ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |

Jeyesh

**സെക്ഷൻ ഓഫീസർ.**